# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 415 — 04.06.2018 — ൽ മറുപടിക്ക്

# റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ:** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴി ആക്കിയതോടെ റേഷൻ കടകൾ വഴി നടന്നിരുന്ന തട്ടിപ്പിന് അറുതി വരുത്തുവാൻ കഴിഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; (ബി) ഈ സംവിധാനം ഏർപ്പെടുത്തുക വഴി കരിഞ്ചന്തയിലേക്ക് മാറ്റിക്കൊണ്ടിരുന്ന റേഷനരിയുടെ എത്ര ശതമാനം ലാഭിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴി ആക്കിയതോടെ പൊതുവിതരണ രംഗത്തുണ്ടായിരുന്നുവെന്നു പറയുന്ന ആശാസ്യകരമല്ലാത്ത ചില പ്രവണതകൾ ഒരു പരിധി വരെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. ആയതിലൂടെ റേഷൻവിതരണം എത്രത്തോളം സുതാര്യമായി മുന്നോട്ടുപോകുന്നു എന്നത് പരിശോധിച്ച് വരുന്നു. |
| (സി) ഇപ്രകാരം അധികമായി ലഭിക്കുന്ന അരി മുൻഗണനേതര വിഭാഗങ്ങൾക്ക് അധികമായി ലഭ്യമാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) കരിഞ്ചന്ത ഒഴിവാകുമ്പോൾ അർഹതപ്പെട്ടവർക്ക്, അവരർഹതപ്പെട്ട വിഹിതം ലഭ്യമാവുകയാണ് ചെയ്യുന്നത്. അതിനാൽ അധികമായി അരി ലഭ്യമാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. മുൻഗണനേതര വിഭാഗങ്ങൾക്ക് കൂടുതൽ അരി ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

*സെക്ഷൻ ഓഫീസർ*